(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക വിവിധ മരാമത്തു പണികൾക്കായി അനുവദിച്ചിട്ടുണ്ടോ; എത്ര തുക ചെലവായി; വിശദവിവരം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ 5 വർഷകാലം മരാമത്ത് പണികൾക്കായി എന്തു തുക നൽകിയിട്ടുണ്ടായിരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം ധനസഹായം നൽകാൻ തെരഞ്ഞെടുത്തിട്ടുള്ള മരാമത്ത് വർക്കുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലം തിരിച്ച് വർക്കുകളുടെ കണക്കെടുക്കാറില്ല.

(ബി),(സി)&(ഡി) എ വിഭാഗത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**120 (2498) ജലവൈദ്യുത പദ്ധതികളുടെ മൊത്തം സ്ഥാപിത ശേഷി**

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി ;
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ ചെയ്ത ജലവൈദ്യുത പദ്ധതികളുടെ പേരും, സ്ഥാപിതശേഷിയും കമ്മീഷൻ ചെയ്ത തീയതിയും വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ മൊത്തം സ്ഥാപിതശേഷി എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ;

(സി) 1998-99 സാമ്പത്തിക വർഷത്തിൽ ജലവൈദ്യുത പദ്ധതികൾ മുഖേന ഉല്പാദിപ്പിച്ച വൈദ്യുതി എത്ര യൂണിറ്റാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം ഉല്പാദിപ്പിച്ച ഒരു യൂണിറ്റ് വൈദ്യുതിയുടെ 1998-99 ലെ ഉല്പാദനച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ:

(ഇ) വൈദ്യുത ബോർഡിന്റെ കീഴിലുള്ള വൈദ്യുതി നിലയങ്ങളുടെ മൊത്തം സ്ഥാപിതശേഷി എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | സ്ഥാപിതശേഷി | കമ്മിഷൻ ചെയ്ത തീയതി |
|---|---|---|
| പേപ്പാറ | 3 മെഗാവാട്ട് | 15.06.96 |
| ലോവർ പെരിയാർ | 180 മെഗാവാട്ട് | 25.10.97 |
| മാട്ടുപ്പെട്ടി, പെരിങ്ങൽകുത്ത് | 2 മെഗാവാട്ട് | 16.01.98 |
| ഇടതുകര | 16 മെഗാവാട്ട് | 20.03.99 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ മൊത്തം സ്ഥാപിതശേഷി 1704.5 മെഗാവാട്ട് ആണ്.

(സി) 1998-99-ൽ ജലവൈദ്യുത പദ്ധതികളിൽനിന്നും ഉല്പാദിപ്പിച്ച വൈദ്യുതി 7348.68 മില്യൺ യൂണിറ്റ് ആണ്.

(ഡി) 1998-99-ലെ ബോർഡിന്റെ വാർഷിക കണക്കുകൾ പൂർത്തിയാക്കുമ്പോൾ മാത്രമേ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ.

(ഇ) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള വൈദ്യുത നിലയങ്ങളുടെ മൊത്തം സ്ഥാപിതശേഷി 1811 മെഗാവാട്ടാണ്.

**121 (2499) കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതി**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ(ഹോസ്ദുർഗ്ഗ്):
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 31 വരെ കേന്ദ്ര വിഹിതമായി പ്രതിദിനം സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ അളവ് എത്ര;

(ബി) ഇപ്പോൾ കേന്ദ്ര വിഹിതം കുറഞ്ഞിട്ടുണ്ടോ: എങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 1999 ജനുവരി മുതൽ മേയ്വരെ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് ലഭിച്ച വൈദ്യുതി 1370.6475 മില്യൺ യൂണിറ്റാണ്. ഇത് ശരാശരി പ്രതിദിനം 9.08 മില്യൻ യൂണിറ്റാണ്.

(ബി) കുറഞ്ഞിട്ടുണ്ട്. കേന്ദ്രമേഖലയിലുള്ള എൻ.ടി.പി.സി, എൻ.എൽ.സി. എന്നീ ജനറേറ്റിംഗ് സ്റ്റേഷനുകളിലെ മെഷിനുകൾ അറ്റകുറ്റപ്പണികൾക്കുവേണ്ടി നിർത്തി വയ്ക്കേണ്ടിവന്നതുകൊണ്ട് കേന്ദ്ര പൂളിൽനിന്നുള്ള വിഹിതം കുറഞ്ഞിട്ടുണ്ട്.

**122 (2500) കേന്ദ്ര പവർ പ്രോജക്ടുകളിൽ നിന്നുള്ള വൈദ്യുതി**

ശ്രീ. സി.കെ നാണു
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപവർ പ്രോജക്ടുകളുടെ കീഴിലുള്ള ഏതെല്ലാം പദ്ധതികൾ കേരളത്തിലുണ്ട്;

(ബി) ഇവയിലുല്പാദിപ്പിക്കുന്ന വൈദ്യുതി ഏതെല്ലാം റേറ്റുകൾക്ക് വാങ്ങിക്കാനാണ് എഗ്രിമെന്റ് ഉള്ളത്;

LIBRARY ARCHIVES Kerala Legislative Assembly